# ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് ഏഴ്

## ദൈവരാജ്യം കൊണ്ടുവരുന്നതിനുള്ള ആത്മിക യുദ്ധവും ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ ജീവിക്കുന്നതും

RK *Hymns*: ML197, ML269

തിരുവെഴുത്ത് വായന: വെളി. 11:15; 12:10; 4:11; മത്താ. 6:10; 7:21; 12:26, 28; കൊലൊ. 1:12-13

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

വെളി. 4:11 ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

**I. ആത്മിക യുദ്ധത്തിന്റെ ഉദ്ദേശ്യം ദൈവരാജ്യം കൊണ്ടുവരുക എന്നതാണ്—മത്താ. 6:10:**

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും

നടപ്പാക്കേണമേ.

A. സാത്താന്റെ ഹിതം ദൈവത്തിന്റെ ഹിതത്തിനു വിരുദ്ധമായി ഉറച്ചിരിക്കുന്നതിനാൽ ആത്മിക യുദ്ധം അനിവാര്യമാണ്—എഫെ. 5:17.

എഫെ. 5:17 അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ.

B. ആത്മിക യുദ്ധത്തിന് അതിന്റെ ഉറവിടം ദൈവഹിതവും സാത്താന്യ ഹിതവും തമ്മിലുള്ള സംഘർഷത്തിലാണുള്ളത്—മത്താ. 6:10; 7:21; യെശ. 14:12-14:

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

യെശ. 14:12 അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!

യെശ. 14:13 "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യുത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും;

യെശ. 14:14 ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു.

1. തന്റെ ഉന്നത പദവിയിലും സൗന്ദര്യത്തിലുമുള്ള ലൂസിഫറിന്റെ അഹങ്കാരം ഒരു ദുരുദ്ദേശത്തിന് കാരണമായി, അത് പൈശാചിക ഹിതമായിത്തീർന്നു—യെഹെ. 28:12-19; യെശ. 14:12-15.

യെഹെ. 28:12 മനുഷ്യപുത്രാ, നീ സോർരാജാവിനെക്കുറിച്ചു ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടതു: യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നേ.

യെഹെ. 28:13 നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ലു, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു.

യെഹെ. 28:14 നീ ചിറകു വിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരഥങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു.

യെഹെ. 28:15 നിന്നെ സൃഷ്ടിച്ച നാൾമുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നഷ്കളങ്കനായിരുന്നു.

യെഹെ. 28:16 നിന്റെ വ്യാപാരത്തിന്റെ പെരുപ്പംനിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു; അതുകൊണ്ടു ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറെക്കുന്ന

കെരൂബേ, ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മദ്ധ്യേനിന്നു മുടിച്ചുകളഞ്ഞു.

യെഹെ. 28:17 നിന്റെ സൗന്ദര്യംനിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു, രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തക്കവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു.

യെഹെ. 28:18 നിന്റെ അകൃത്യബാഹുല്യംകൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി; അതുകൊണ്ടു ഞാൻ നിന്റെ നടുവിൽനിന്നു ഒരു തീ പുറപ്പെടുവിക്കും; അതു നിന്നെ ദഹിപ്പിച്ചുകളയും; നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും.

യെഹെ. 28:19 ജാതികളിൽ നിന്നെ അറിയുന്നവരെല്ലാവരും നിന്നെ കണ്ടു സ്തംഭിച്ചുപോകും; നിനക്കു ശിഘ്രനാശം ഭവിച്ചിട്ടു നീ സദാകാലത്തേക്കും ഇല്ലാതെയാകും.

യെശ. 14:12 അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!

യെശ. 14:13 “ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും;

യെശ. 14:14 ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും” എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു.

യെശ. 14:15 എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നേ വീഴും.

2. ദൈവത്തിന്റെ പ്രധാനദൂതൻ ദൈവഹിതത്തിന് വിരുദ്ധമായി എഴുന്നേൽക്കുന്നതിനുമുമ്പ്, പ്രപഞ്ചത്തിൽ യുദ്ധമുണ്ടായിരുന്നില്ല; രാജ്യങ്ങൾക്കിടയിലും സമൂഹത്തിലും കുടുംബത്തിലും വ്യക്തികൾക്കിടയിലും ഇപ്പോൾ നടക്കുന്ന എല്ലാ പോരാട്ടങ്ങളുടെയും തുടക്കം ലൂസിഫറിന്റെ മത്സരമായിരുന്നു—പ്ര.നി. വെളി. 12:3-11; ഗലാ. 5:17.

വെളി. 12:3 സ്വർഗത്തിൽ മറ്റൊരു അടയാളം കണ്ടു; ഇതാ, ഏഴു തലയും പത്തു കൊമ്പും, തലയിൽ ഏഴു മകുടവുമുള്ള ഒരു ചുവന്ന മഹാവ്യാളി.

വെളി. 12:4 അവന്റെ വാൽ സ്വർഗത്തിലെ നക്ഷത്രങ്ങളുടെ മൂന്നാം ഭാഗത്തെ വലിച്ച് അവയെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു. സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ കുഞ്ഞിനെ വിഴുങ്ങേണ്ടതിന് വ്യാളി പ്രസവിക്കാറായ സ്ത്രീയുടെ മുമ്പിൽ നിന്നു.

വെളി. 12:5 അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു.

വെളി. 12:6 സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, അവർ

ആയിരത്തിരുന്നൂററുപതു ദിവസം അവളെ പോഷിപ്പിക്കേണ്ടതിന്, അവിടെ ദൈവത്താൽ ഒരുക്കപ്പെട്ട ഒരു സ്ഥലം അവൾക്കുണ്ട്.

വെളി. 12:7 സ്വർഗത്തിൽ യുദ്ധം ഉണ്ടായി: മീഖായേലും അവന്റെ ദൂതന്മാരും വ്യാളിയോട് യുദ്ധം ചെയ്യുവാൻ പോയി. വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു.

വെളി. 12:8 അവരോ പ്രബലപ്പെട്ടില്ല, സ്വർഗത്തിൽ അവരുടെ സ്ഥലം ഇനിമേൽ കണ്ടതുമില്ല.

വെളി. 12:9 ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്ന, പിശാചെന്നും സാത്താനെന്നും വിളിക്കപ്പെടുന്ന, പുരാതന സർപ്പമായ, മഹാവ്യാളിയെ താഴേക്ക് എറിഞ്ഞുകളഞ്ഞു; അവനെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു, അവന്റെ ദൂതന്മാരെയും അവനോടുകൂടെ താഴേക്ക് എറിഞ്ഞുകളഞ്ഞു.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

ഗലാ. 5:17 എന്തെന്നാൽ ജഡം ആത്മാവിന് എതിരായും ആത്മാവ് ജഡത്തിന് എതിരായും മോഹിക്കുന്നു; നിങ്ങൾ ഇച്ഛിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കേണ്ടതിന് ഇവ പരസ്പരം എതിർക്കുന്നു.

C. തന്റെ സൃഷ്ടിയായ *മനുഷ്യൻ* തന്റെ വീണുപോയ സൃഷ്ടിയായ *സാത്താനോട്* ഇടപെടുവാൻ ദൈവം ആഗ്രഹിക്കുന്നു; ഇതിനായി, മനുഷ്യന്റെ ഹിതം ദിവ്യഹിതത്തോടൊപ്പം നിൽക്കണം—ഉല്പ. 1:26; മത്താ. 26:39; 12:30; 7:21.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

മത്താ. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

മത്താ. 12:30 എന്നോടു കൂടെ അല്ലാത്തവൻ എനിക്ക് എതിരാകുന്നു, എന്നോടുകൂടെ ശേഖരിക്കാത്തവനോ ചിതറിക്കുന്നു.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

D. സഭയെന്ന നിലയിൽ, നമ്മുടെ പോരാട്ടം സാത്താന്യ ഇച്ഛയെ കീഴ്പ്പെടുത്തുവാനും ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുവാനുമാണ്—എഫെ. 6:11-13.

എഫെ. 6:11 പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവായുധവർഗം ധരിക്കുവിൻ.

എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

എഫെ. 6:13 അതുകൊണ്ട് ദുഷ്ട നാളിൽ ചെറുത്തുനിൽക്കുവാനും, സകലതും ചെയ്തശേഷം നിങ്ങൾക്കു നിൽക്കുവാനും കഴിയേണ്ടതിന്, ദൈവത്തിന്റെ സർവായുധവർഗം എടുക്കുവിൻ.

E. ആത്മിക യുദ്ധം ദൈവരാജ്യവും സാത്താന്റെ രാജ്യവും തമ്മിലുള്ള യുദ്ധമാണ്—മത്താ. 12:26, 28:

മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

1. ദൈവരാജ്യം സാത്താന്റെ രാജ്യത്തിന് എതിരാണ്—വാ. 26, 28:

   മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

   മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

   a. ദൈവരാജ്യം കാലത്തിലും സ്ഥലത്തിലും നിത്യമാണ്; സാത്താന്റെ രാജ്യം നിത്യമല്ല.

   b. ദൈവരാജ്യം നിയമാനുസൃതമാണ്, എന്നാൽ സാത്താന്റെ രാജ്യം നിയമാനുസൃതമല്ല, എന്തെന്നാൽ അത് ദൈവത്തിനെതിരായ മത്സരത്താൽ സ്ഥാപിക്കപ്പെട്ടതാണ്.

2. ദൈവരാജ്യം താനേ വരില്ല; ദൈവരാജ്യം വരേണ്ടതിന് ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ട്—വാ. 22-29.

   മത്താ. 12:22 അപ്പോൾ കുരുടനും ഊമനുമായ ഒരു ഭൂതഗ്രസ്തനെ അവർ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഊമൻ സംസാരിക്കുകയും കാണുകയും ചെയ്യത്തക്കവണ്ണം അവൻ അവനെ സൗഖ്യമാക്കി.

   മത്താ. 12:23 സകല പുരുഷാരവും അമ്പരന്നു, ഇതു ദാവീദിന്റെ പുത്രനല്ലയോ? എന്നു പറഞ്ഞു.

   മത്താ. 12:24 എന്നാൽ പരീശന്മാർ ഇതു കേട്ടിട്ട്, ഇവൻ ഭൂതങ്ങളുടെ അധിപനായ ബെയെത്സെബൂലിനാൽ അല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല എന്നു പറഞ്ഞു.

   മത്താ. 12:25 എന്നാൽ അവരുടെ നിരൂപണങ്ങളെ അറിഞ്ഞുകൊണ്ട് അവൻ അവരോടു പറഞ്ഞു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു രാജ്യവും നിർജനമായിത്തീരുന്നു, അതിനെതിരായിത്തന്നെ ഭിന്നിച്ച ഏതു പട്ടണമോ വീടോ നിൽക്കുകയുമില്ല.

   മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ

എങ്ങനെ അവന്റെ രാജ്യം നിൽക്കും?

മത്താ. 12:27 ഞാനോ ബെയെത്സെബൂലിനാൽ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ, നിങ്ങളുടെ പുത്രന്മാർ ആരാൽ അവയെ പുറത്താക്കുന്നു? അതുകൊണ്ട് അവർ നിങ്ങളുടെ ന്യായാധിപന്മാർ ആകും.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

മത്താ. 12:29 അല്ലെങ്കിൽ ബലവാനെ ആദ്യം ബന്ധിക്കാഞ്ഞാൽ ഒരുവനു ബലവാന്റെ ഭവനത്തിലേക്കു കയറി അവന്റെ ചരക്കുകൾ എങ്ങനെ കൊള്ളയടിക്കുവാൻ കഴിയും? അതിനുശേഷം അവന്റെ ഭവനത്തെ അവൻ തീർത്തും കൊള്ളയടിക്കും.

3. ക്രിസ്തു സാത്താനെതിരെ നിർവഹിച്ച വിജയകരമായ വേല തുടരുക എന്നതാണ് സഭയുടെ ഉത്തരവാദിത്തം—എബ്രാ. 2:14; 1 യോഹ. 3:8; കൊലൊ. 2:15; സങ്കീ. 149:5-9.

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

1 യോഹ. 3:8 പാപം അഭ്യസിക്കുന്നവൻ പിശാചിൽ നിന്നാകുന്നു, എന്തുകൊണ്ടെന്നാൽ പിശാച് ആദിമുതൽ പാപം ചെയ്തിരിക്കുന്നു. പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

സങ്കീ. 149:5 ഭക്തന്മാർ മഹത്വത്തിൽ ആനന്ദിക്കട്ടെ; അവർ തങ്ങളുടെ ശയ്യകളിൽ ഘോഷിച്ചുല്ലസിക്കട്ടെ.

സങ്കീ. 149:6 അവരുടെ വായിൽ ദൈവത്തിന്റെ പുകഴ്ചകളും അവരുടെ കയ്യിൽ ഇരുവായ്ത്തലയുള്ള വാളും ഉണ്ടായിരിക്കട്ടെ. ജാതികൾക്കു പ്രതികാരവും വംശങ്ങൾക്കു ശിക്ഷയും നടത്തേണ്ടതിന്നും

സങ്കീ. 149:7 അവരുടെ രാജാക്കന്മാരെ ചങ്ങലകളാലും അവരുടെ പ്രഭുക്കന്മാരെ ഇരിമ്പുവിലങ്ങുകളാലും ബന്ധിക്കേണ്ടതിന്നും

സങ്കീ. 149:8 എഴുതിയിരിക്കുന്ന വിധി അവരുടെമേൽ നടത്തേണ്ടതിന്നും തന്നേ.

സങ്കീ. 149:9 അതു അവന്റെ സർവ്വഭക്തന്മാർക്കും ബഹുമാനം ആകുന്നു. യഹോവയെ സ്തുതിപ്പിൻ.

4. ദൈവരാജ്യം ദിവ്യ ഇച്ഛയുടെ പ്രയോഗവും ദൈവത്തിന്റെ ശക്തിയാൽ സാത്താന്റെ ശക്തിയെ മറിച്ചിടുന്നതുമാണ്—മത്താ. 6:10.

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

5. എപ്പോഴെല്ലാം പിശാച് പുറത്താക്കപ്പെടുകയും, എവിടെയെല്ലാം ദൈവത്തിന്റെ ശക്തിയാൽ ശത്രുവിന്റെ വേല സ്ഥാനമാറ്റപ്പെടുകയും ചെയ്യുമോ, അവിടെ ദൈവരാജ്യം ഉണ്ട്—12:28.

മത്താ. 12:28 എന്നാൽ ദൈവാത്മാവിനാൽ ഞാൻ ഭൂതങ്ങളെ

പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെമേൽ വന്നിരിക്കുന്നു.

F. "നിന്റെ സേനാദിവസത്തിൽ / നിന്റെ ജനം നിനക്ക് / സ്വമേധാദാനമായിരിക്കുന്നു"—സങ്കീ. 110:3a:

1. ആത്മിക അർഥത്തിൽ, നാം ഇപ്പോൾ ക്രിസ്തുവിന്റെ സേനാദിവസത്തിലാണ്, അവനുവേണ്ടി നാം സ്വമേധയാ ഉള്ള ഒരു വഴിപാട്, ഒരു സ്വമേധാദാനമായിരിക്കണം—ലേവ്യ. 22:18; ആവ. 12:6.

   ലേവ്യ. 22:18 നീ അഹരോനോടും പുത്രന്മാരോടും എല്ലായിസ്രായേൽമക്കളോടും പറയേണ്ടതു എന്തെന്നാൽ: യിസ്രായേൽഗൃഹത്തിലോ യിസ്രായേലിൽ ഉള്ള പരദേശികളിലോ ആരെങ്കിലും യഹോവെക്കു ഹോമയാഗമായിട്ടു അർപ്പിക്കുന്ന വല്ല നേർച്ചകളാകട്ടെ സ്വമേധാദാനങ്ങളാകട്ടെ ഇവയിൽ ഏതെങ്കിലും ഒരു വഴിപാടു കഴിക്കുന്നു എങ്കിൽ

   ആവ. 12:6 അവിടെ തന്നേ നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങളുടെ നേർച്ചകൾ, സ്വമേധാദാനങ്ങൾ, നിങ്ങളുടെ ആടുമാടുകളുടെ കടിഞ്ഞൂലുകൾ എന്നിവയെ നിങ്ങൾ കൊണ്ടുചെല്ലേണം.

2. ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തി ദൈവരാജ്യം കൊണ്ടുവരുവാൻ ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നതിന്, നമുക്ക് കർത്താവിനോട് സമ്പൂർണവും സമഗ്രവുമായ ഒരു സമർപ്പണം ആവശ്യമാണ്; ദൈവത്തിന്റെ ദൃഷ്ടിയിൽ, അത്തരമൊരു സമർപ്പണം പ്രതാപത്തിന്റെ വിഷയമാണ്—സങ്കീ. 110:3.

   സങ്കീ. 110:3 നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്കു സ്വമേധാദാനമായിരിക്കുന്നു; വിശുദ്ധ വസ്ത്രാലങ്കാരത്തോടുകൂടെ ഉഷസ്സിന്റെ ഉദരത്തിൽനിന്നു യുവാക്കളായ മഞ്ഞു നിനക്കു വരുന്നു.

## II. പിതാവ് "ഇരുട്ടിന്റെ അധികാരത്തിൽനിന്നു നമ്മെ വിടുവിച്ച് തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു"—കൊലൊ. 1:13:

A. *ഇരുട്ടിന്റെ അധികാരം* സാത്താന്റെ അധികാരത്തെ സൂചിപ്പിക്കുന്നു; ദൈവം വെളിച്ചമാണ്, സാത്താൻ ഇരുട്ടാണ്.

1. സാത്താന്റെ ഇരുട്ടിന്റെ അധികാരം സ്വർഗീയങ്ങളിലെ, ആശാകമണ്ഡലത്തിലെ ദുഷ്ടതയുടെ അധികാരമാണ്—എഫെ. 6:12.

   എഫെ. 6:12 എന്തെന്നാൽ നമ്മുടെ മൽപ്പിടുത്തം ജഡരക്തത്തിന് എതിരെയല്ല, വാഴ്ച്ചകൾക്കും, അധികാരങ്ങൾക്കും, ഈ അന്ധകാരത്തിന്റെ ലോകാധിപതികൾക്കും, സ്വർഗീയങ്ങളിലെ ദുഷ്ടാത്മസേനകൾക്കും എതിരെ ആകുന്നു.

2. സ്വർഗീയങ്ങളിലെ ദുഷ്ടതയുടെയും, മത്സരത്തിന്റെയും അധികാരം, ഇരുട്ടിന്റെ അധികാരമായ സാത്താന്റെ രാജ്യമാണ്—മത്താ. 12:26.

   മത്താ. 12:26 സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവനെതിരായിത്തന്നെ അവൻ ഭിന്നിച്ചിരിക്കുന്നു; പിന്നെ എങ്ങനെ അവന്റെ രാജ്യം നിൽക്കും?

3. ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിക്കപ്പെടുന്നത് മരണത്തിന്റെ പ്രഭാവമുള്ള പിശാചിൽ നിന്ന് വിടുവിക്കപ്പെടുന്നതാണ്—എബ്രാ. 2:14; യോഹ. 17:15.

എബ്രാ. 2:14 ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്,

യോഹ. 17:15 ലോകത്തിൽനിന്ന് അവരെ എടുത്തുമാറ്റണമെന്നല്ല, ദുഷ്ടന്റെ കരങ്ങളിൽനിന്ന് അവരെ സൂക്ഷിക്കണമെന്നത്രേ ഞാൻ നിന്നോട് അപേക്ഷിക്കുന്നത്.

4. ക്രിസ്തുവിന്റെ മരണത്താലും, പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിന്റെ ജീവനാലും, സാത്താനായ പിശാചിൽനിന്ന് നാം വിടുവിക്കപ്പെട്ടിരിക്കുന്നു—കൊലൊ. 2:15; യോഹ. 5:24.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

യോഹ. 5:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവൻ ന്യായവിധിയിലേക്കു വരാതെ, മരണത്തിൽനിന്ന് ജീവനിലേക്കു കടന്നിരിക്കുന്നു.

B. പിതാവ് “തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് നമ്മെ മാറ്റിയിരിക്കുന്നു”—കൊലൊ. 1:13:

1. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം ക്രിസ്തുവിന്റെ അധികാരമാണ്—വെളി. 11:15; 12:10.

വെളി. 11:15 പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

2. ദൈവത്തിന്റെ പുത്രൻ ദിവ്യ ജീവന്റെ ദേഹരൂപവും ആവിഷ്കാരവുമാണ്; അതിനാൽ, രാജ്യം ജീവന്റെ മണ്ഡലമെന്ന നിലയിൽ പുത്രനിൽനിന്നാണ്—1 യോഹ. 5:11-12:

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

a. പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുക എന്നാൽ, നമ്മുടെ ജീവനായ പുത്രനിലേക്ക് മാറ്റപ്പെടുന്നതാണ്—കൊലൊ. 3:4.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

b. പുനരുത്ഥാനമെന്ന നിലയിൽ പുത്രൻ ഇപ്പോൾ ജീവൻ-നൽകുന്ന ആത്മാവാണ്, അവൻ തന്റെ സ്നേഹത്താൽ തന്റെ പുനരുത്ഥാന ജീവനിൽ നമ്മെ ഭരിക്കുന്നു—1 പത്രൊ. 1:3; റോമ. 6:3-4; 1 കൊരി. 15:45b.

1 പത്രൊ. 1:3 നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു,

റോമ. 6:3 അതോ ക്രിസ്തു യേശുവിലേക്ക് സ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിലേക്ക് സ്നാനപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു..

c. പുനരുത്ഥാനത്തിൽ നമ്മുടെ ജീവനായ പുത്രനാൽ നാം ജീവിക്കുമ്പോൾ, നാം പിതാവിന്റെ സ്നേഹത്തിൽ അവനെ ആസ്വദിച്ചുകൊണ്ട് അവന്റെ രാജ്യത്തിൽ ജീവിക്കുന്നു—യോഹ. 6:57.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

3. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് നാം മാറ്റപ്പെട്ടിരിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത്, ജീവന്റെ ഈ മണ്ഡലം ഭയത്തിലല്ല, സ്നേഹത്തിലാണെന്നാകുന്നു—കൊലൊ. 1:13:

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

a. ഇന്ന് നാം ആയിരിക്കുന്ന രാജ്യം ജീവനും വെളിച്ചവും സ്നേഹവും നിറഞ്ഞ ഒരു മണ്ഡലമാണ്—1 യോഹ. 1:1-2, 5, 7; 4:8, 16.

1 യോഹ. 1:1 ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, ഞങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈകൾ കൈകാര്യം ചെയ്തതുമായ, ജീവന്റെ വചനം സംബന്ധിച്ച്,

1 യോഹ. 1:2 (ജീവൻ വെളിവായി, പിതാവിനോടുകൂടെ ഉണ്ടായിരുന്നതും ഞങ്ങൾക്ക് വെളിവായതുമായ, നിത്യജീവനെ ഞങ്ങൾ കണ്ടിരിക്കുകയും നിങ്ങളോട്

സാക്ഷ്യപ്പെടുത്തുകയും അറിയിക്കുകയും ചെയ്യുന്നു);

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 4:8 സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല, ദൈവം സ്നേഹമല്ലോ.

1 യോഹ. 4:16 ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു.

b. ദിവ്യസ്നേഹത്തിന്റെ പാത്രമെന്ന നിലയിൽ പുത്രൻ പുനരുത്ഥാനത്തിന്റെ അധികാരത്തോടെ നമുക്ക് ദിവ്യസ്നേഹത്തിൽ ദിവ്യജീവന്റെ ദേഹരൂപമായിത്തീരുന്നു; ഇതാണ് ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം—കൊലൊ. 1:13.

കൊലൊ. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

c. സ്നേഹത്തോടുകൂടെ ജീവനിൽ നമ്മെ ഭരിക്കുന്ന ഒരു മണ്ഡലത്തിലേക്ക് പിതാവ് നമ്മെ മാറ്റിയിരിക്കുന്നു:

1) ഇവിടെ, സ്വർഗീയ ഭരണത്തിനും നിയന്ത്രണത്തിനും കീഴിൽ, നമുക്ക് സ്നേഹത്തിലും ജീവനോടുകൂടെയും വെളിച്ചത്തിൻ കീഴിലും യഥാർഥ സ്വാതന്ത്ര്യമുണ്ട്—മത്താ. 7:13-14.

മത്താ. 7:13 ഇടുക്കമുള്ള കവാടത്തിലൂടെ അകത്തു പ്രവേശിക്കുവിൻ; എന്തെന്നാൽ നാശത്തിലേക്കു നയിക്കുന്ന കവാടം വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി പ്രവേശിക്കുന്നവർ അനേകരും ആകുന്നു.

മത്താ. 7:14 ജീവനിലേക്കു നയിക്കുന്ന കവാടം ഇടുക്കമുള്ളതും വഴി ഞെരുക്കവും ആയതിനാൽ, അതിനെ കണ്ടെത്തുന്നവർ ചുരുക്കം ആകുന്നു.

2) ഇവിടെ ഈ രാജ്യത്തിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുകയും നമുക്ക് സഭാജീവിതം ഉണ്ടായിരിക്കുകയും ചെയ്യുന്നു—കൊലൊ. 1:12; 4:15-16.

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം

ചെയ്യുന്നു;

കൊലൊ. 4:15 ലവുദിക്യയിലുള്ള സഹോദരന്മാരെയും, നുംഫയെയും അവന്റെ വീട്ടിലെ സഭയെയും, വന്ദനം ചെയ്യുവിൻ.

കൊലൊ. 4:16 ഈ ലേഖനം നിങ്ങളുടെ ഇടയിൽ വായിച്ചശേഷം, ലവുദിക്യരുടെ സഭയിലും ഇതു വായിപ്പിക്കുകയും, ലവുദിക്യയിൽ നിന്നുള്ളത് നിങ്ങൾ വായിക്കുകയും ചെയ്യുവിൻ.

C. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം ദൈവഹിതത്തിന്റെ ഒരു നിർണായക വശമാണ്—1:9; 4:12:

കൊലൊ. 1:9 അതുകൊണ്ട് ഞങ്ങളും ഇത് കേട്ട നാൾ മുതൽ നിങ്ങൾക്കുവേണ്ടി നിർത്താതെ പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തുകൊണ്ട്, നിങ്ങൾ ആത്മികമായ സകല ജ്ഞാനത്തിലും ഗ്രാഹ്യത്തിലും അവന്റെ ഹിതത്തിന്റെ പൂർണ പരിജ്ഞാനത്താൽ നിറയേണ്ടതിനും,

കൊലൊ. 4:12 നിങ്ങൾ പക്വതയുള്ളവരും ദൈവത്തിന്റെ സകല ഹിതത്തിലും പൂർണ ഉറപ്പുള്ളവരുമായി നിൽക്കേണ്ടതിന് തന്റെ പ്രാർഥനകളിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്ന, ക്രിസ്തു യേശുവിന്റെ അടിമയും, നിങ്ങളിൽ ഒരുവനുമായ, എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു.

1. ദൈവം ഉദ്ദേശ്യമുള്ള ദൈവമാണ്, തന്റെ പ്രസാദപ്രകാരം ഒരു ഹിതമുള്ള ദൈവമാണ്, അവൻ തന്റെ ഉദ്ദേശ്യം നിറവേറ്റാനും നിവർത്തിക്കുവാനുമായി തന്റെ ഹിതത്തിനുവേണ്ടി സകലതും സൃഷ്ടിച്ചു—വെളി. 4:11; എഫെ. 3:9-11.

   വെളി. 4:11 ഞങ്ങളുടെ കർത്താവും ദൈവവുമായ നീ മഹത്വവും ബഹുമാനവും ശക്തിയും സ്വീകരിക്കുവാൻ യോഗ്യനാകുന്നു, എന്തെന്നാൽ നീ സകലവും സൃഷ്ടിച്ചു, നിന്റെ ഹിതം നിമിത്തം അവ ആയിരിക്കുകയും സൃഷ്ടിക്കപ്പെടുകയും ചെയ്തു.

   എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

   എഫെ. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

   എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

2. പിതാവിന്റെ നിത്യ ഹിതം പാറയെന്ന നിലയിൽ പുത്രനായ ക്രിസ്തുവിന്മേൽ സഭയെ പണിയുക എന്നതാണ്—മത്താ. 16:18; എഫെ. 2:21-22; 4:16.

   മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

   എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

   എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

   എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള,

വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

3. ദൈവത്തിന്റെ ഹിതം ക്രിസ്തുവിന്റെ ആവിഷ്കാരമായ നിറവാകുവാൻ ക്രിസ്തുവിന് ഒരു ശരീരം നേടുക എന്നതാണ്—റോമ. 12:2-5; എഫെ. 1:5, 9, 11, 22-23.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

എഫെ. 1:9 അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു,

എഫെ. 1:11 തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

4. രാജ്യം തികച്ചും ദൈവഹിതത്തിന്റെ വിഷയമാണ്, അത് പൂർണമായി അവന്റെ ഹിതം നിറവേറ്റുന്നു; വാസ്തവത്തിൽ, രാജ്യമാണ് ദൈവഹിതം—മത്താ. 6:10.

മത്താ. 6:10 നിന്റെ രാജ്യം വരേണമേ; നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ.

5. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ വസിക്കുന്ന രാജ്യജനമെന്ന നിലയിൽ, പിതാവിന്റെ ഹിതം ചെയ്യുവാനാണ് നാം ഇവിടെ ഭൂമിയിലായിരിക്കുന്നത്—7:21; 12:50.

മത്താ. 7:21 എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ

ഹിതം ചെയ്യുന്നവൻ, സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും.

മത്താ. 12:50 സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ ആരോ, അവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു.

D. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ, സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു എന്ന ഏക വ്യക്തിയും, ക്രൂശ് എന്ന ഏക വഴിയും മാത്രമേയുള്ളൂ—കൊലൊ. 2:9, 14-15:

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

1. ഏക വ്യക്തിയായ ക്രിസ്തു, പ്രപഞ്ചത്തിന്റെ കേന്ദ്രവും കേന്ദ്രബിന്ദുവുമാണ്—1:15-17.

   കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

   കൊലൊ. 1:16 സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ച്ചകളാകട്ടെ അധികാരങ്ങളാകട്ടെ, സകലവും അവനിലല്ലോ സൃഷ്ടിക്കപ്പെട്ടത്; സകലവും അവൻ മുഖാന്തരവും അവങ്കലേക്കും സൃഷ്ടിക്കപ്പെട്ടു.

   കൊലൊ. 1:17 അവൻ സകലത്തിനും മുമ്പേയുള്ളവൻ, സകലവും അവനിൽ സംസക്തമായിരിക്കുന്നു;

2. അനേകം കാര്യങ്ങൾ നമുക്ക് നൽകുക എന്നതല്ല ദൈവത്തിന്റെ ഉദ്ദേശ്യം; അവൻ നമുക്ക് സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവെന്ന ഏക വ്യക്തിയെ നൽകുവാൻ ഉദ്ദേശിക്കുന്നു—2:10.

   കൊലൊ. 2:10 സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

3. ക്രൂശ് ദൈവത്തിന്റെ ഭരണത്തിന്റെ കേന്ദ്രമാണ്—വാ. 14-15:

   കൊലൊ. 2:14 നമുക്ക് എതിരായിരുന്ന, നമുക്ക് വിരുദ്ധമായിരുന്ന, ചട്ടങ്ങളിലെ കൈയെഴുത്ത് മായ്ച്ചുകളയുകയും, അതിനെ ക്രൂശിൽ തറച്ചിട്ട്, അവൻ വഴിയിൽനിന്ന് നീക്കിക്കളയുകയും ചെയ്തു.

   കൊലൊ. 2:15 വാഴ്ച്ചകളെയും അധികാരങ്ങളെയും ഉരിഞ്ഞുകളഞ്ഞ്, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവൻ അവരെ പരസ്യമായ കാഴ്ച്ചയാക്കി.

   a. ക്രൂശിലൂടെ ദൈവം പ്രപഞ്ചത്തിലെ എല്ലാ പ്രതിലോമ കാര്യങ്ങളോടും ഇടപെട്ടു.

   b. ക്രൂശിലൂടെ ദൈവം എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുകയും, ക്രൂശിനാൽ എല്ലാ കാര്യങ്ങളോട് ഇടപെടുകയും ചെയ്യുന്നു.

E. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ, ക്രിസ്തുവിന് എല്ലാ കാര്യങ്ങളിലും ഒന്നാം സ്ഥാനം, സർവോൽകൃഷ്ടത ഉണ്ട്—1:18:

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

1. പഴയ സൃഷ്ടിയിലും പുതിയ സൃഷ്ടിയിലും, പ്രപഞ്ചത്തിലും സഭയിലും ക്രിസ്തു ഒന്നാമനും, സർവോൽകൃഷ്ടതയുടെ പ്രഥമസ്ഥാനം വഹിക്കുന്നവനുമാണ്.
2. ക്രിസ്തുവിന്റെ സർവോൽകൃഷ്ടതയെക്കുറിച്ചുള്ള ദർശനം നാം കാണുകയാണെങ്കിൽ, നമ്മുടെ ക്രിസ്തീയ ജീവിതവും നമ്മുടെ സഭാജീവിതവും വിപ്ലവകരമായി മാറും, കാരണം എല്ലാ കാര്യങ്ങളിലും ക്രിസ്തു ഒന്നാമനായിരിക്കണമെന്ന് നാം തിരിച്ചറിയും.
   a. എല്ലാ കാര്യങ്ങളിലും കർത്താവിന് പ്രഥമസ്ഥാനം നൽകുകയെന്നാൽ, പ്രഥമസ്നേഹത്താൽ, ഉത്തമ സ്നേഹത്താൽ അവനെ സ്നേഹിക്കുക എന്നാണ്—വെളി. 2:4.

      വെളി. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

   b. ക്രിസ്തുവിന് സർവോൽകൃഷ്ടത നൽകുന്നതിന്, നാം ക്രമീകരിക്കപ്പെടാനും തകർക്കപ്പെടാനും ഒന്നുമല്ലാതാക്കപ്പെടാനും മനസ്സുള്ളവരായിരിക്കണം, അങ്ങനെ അവന്റെ ജൈവികശരീരത്തിന്റെ കെട്ടുപണിക്ക് അവന് നമ്മിലും നമ്മിലൂടെയും നമ്മുടെ ഇടയിലും ഒരു വഴി ഉണ്ടായിരിക്കും.
3. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ, നാം ക്രിസ്തുവിനെ അവന്റെ സർവാത്മകതയിൽ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു—കൊലൊ. 1:12, 27; 2:9, 16-17; 3:1, 4, 11:

   കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

   കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

   കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

   കൊലൊ. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

   കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

   കൊലൊ. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

   കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും

അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

a. ക്രിസ്തു ത്രിയേക ദൈവത്തിന്റെ ദേഹരൂപമാണ്, അവനിൽ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നു—2:9.

കൊലൊ. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

b. ക്രിസ്തു നമ്മുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരി, നമ്മുടെ നല്ല ദേശം—നമ്മുടെ ആസ്വാദനത്തിനുള്ള ദിവ്യ അവകാശം—ആണ്—1:12.

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

c. ക്രിസ്തു പ്രപഞ്ചത്തിലെ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യമാണ്—2:16-17.

കൊലൊ. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

d. ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനാണ്—3:1.

കൊലൊ. 3:1 ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ.

e. ക്രിസ്തു നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു—1:27.

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

f. ക്രിസ്തു നമ്മുടെ ജീവനാണ്—3:4.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

g. ക്രിസ്തു ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്—വാ. 10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം**

പിതാവ് "ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു" (കൊലൊ. 1:13) എന്ന് പൗലൊസ് നമ്മോട് പറയുന്നു. *ഇരുട്ടി*ന്റെ *അധികാരം* സാത്താന്റെ അധികാരത്തെ സൂചിപ്പിക്കുന്നു. ദൈവം വെളിച്ചമാണ്, സാത്താൻ ഇരുട്ടാണ്. സാത്താന്റെ ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് ദൈവം നമ്മെ ദൈവത്തിന്റെ അത്ഭുതകരമായ വെളിച്ചത്തിലേക്ക് വിടുവിച്ചിരിക്കുന്നു. ഇരുട്ട് മരണമെന്ന നിലയിൽ സാത്താനാണ്, എന്നാൽ വെളിച്ചം ജീവനെന്ന നിലയിൽ ദൈവമാണ്. ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കപ്പെടുന്നത് മരണത്തിന്റെ ശക്തിയുള്ള പിശാചിൽ നിന്ന് വിടുവിക്കപ്പെടുന്നതാണ് (എബ്രാ. 2:14; യോഹ. 17:15). ക്രിസ്തുവിന്റെ മരണത്താലും (കൊലൊ. 2:14-15) പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിന്റെ ജീവിതത്താലും (യോഹ. 5:24) പിശാചായ സാത്താനിൽ നിന്ന് നാം വിടുവിക്കപ്പെട്ടിരിക്കുന്നു.

നാം ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കപ്പെടുക മാത്രമല്ല, ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. പുത്രന്റെ രാജ്യം ക്രിസ്തുവിന്റെ അധികാരമാണ് (വെളി. 11:15; 12:10).

പുതിയനിയമമനുസരിച്ച്, ദൈവപുത്രൻ ദിവ്യ ജീവന്റെയും അതിന്റെ ദേഹരൂപത്തിന്റെയും ആവിഷ്കാരമാണ്. ഇതിനർഥം പുത്രന്റെ രാജ്യം ജീവന്റെ ഒരു മണ്ഡലമാണ് എന്നാണ്. നാം മാറ്റപ്പെട്ടിരിക്കുന്ന രാജ്യം ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമാണെന്ന വസ്തുത സൂചിപ്പിക്കുന്നത്, ഈ ജീവന്റെ മണ്ഡലം ഭയത്തിലല്ല, സ്നേഹത്തിലാണ് എന്നാകുന്നു. ഇന്ന് നാം നമ്മെത്തന്നെ കണ്ടെത്തുന്ന രാജ്യം ജീവനും വെളിച്ചവും സ്നേഹവും നിറഞ്ഞ ഒരു മണ്ഡലമാണ്.

പിതാവിന്റെ പുത്രൻ ജീവന്റെ ഉറവിടമായ പിതാവിന്റെ ദേഹരൂപമാണ് (യോഹ. 1:18, 4; 1 യോഹ. 1:2). ജീവന്റെ ഉറവിടമെന്ന നിലയിൽ പിതാവ് പുത്രനിൽ ആവിഷ്കരിക്കപ്പെടുന്നു. പുനരുത്ഥാനത്തിലുള്ള അധികാരത്തോടെ നമുക്ക് ദിവ്യസ്നേഹത്തിൽ ജീവന്റെ ദേഹരൂപമായിത്തീരുവാൻ പിതാവിന്റെ സ്നേഹത്തിന്റെ പുത്രൻ പിതാവിന്റെ സ്നേഹത്തിന്റെ പാത്രമാണ്. ദിവ്യ ജീവന്റെ ദേഹരൂപമെന്ന നിലയിൽ പുത്രൻ പിതാവിന്റെ സ്നേഹത്തിന്റെ പാത്രമാണ്. പുത്രനിൽ ദേഹരൂപമായിരിക്കുന്ന ദിവ്യജീവൻ ദിവ്യസ്നേഹത്തിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. അതിനാൽ, ദിവ്യസ്നേഹത്തിന്റെ പാത്രം പുനരുത്ഥാനത്തിലുള്ള അധികാരത്തോടുകൂടെ ദിവ്യസ്നേഹത്തിൽ നമുക്ക് ജീവന്റെ ദേഹരൂപമായിത്തീരുന്നു. ഇതാണ് അവന്റെ സ്നേഹപുത്രന്റെ രാജ്യം.

പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുകയെന്നാൽ നമുക്ക് ജീവനായ പുത്രനിലേക്ക് മാറ്റപ്പെടുന്നതാണ് (1 യോഹ. 5:12). പുനരുത്ഥാനത്തിലുള്ള പുത്രൻ (1 പത്രൊ. 1:3; റോമ. 6:4-5) ഇപ്പോൾ ജീവൻ-നൽകുന്ന ആത്മാവാണ് (1 കൊരി. 15:45). അവൻ തന്റെ പുനരുത്ഥാന ജീവനിൽ നമ്മെ സ്നേഹത്തോടെ ഭരിക്കുന്നു. ഇതാണ് പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യം. നാം പുനരുത്ഥാനത്തിലുള്ള നമ്മുടെ ജീവനായ പുത്രനാൽ ജീവിക്കുമ്പോൾ, നാം പിതാവിന്റെ സ്നേഹത്തിൽ അവനെ ആസ്വദിച്ചുകൊണ്ട് അവന്റെ രാജ്യത്തിൽ ജീവിക്കുന്നു.

ജീവനോടുകൂടെ സ്നേഹത്തിൽ നമ്മെ ഭരിക്കുന്ന ഒരു മണ്ഡലത്തിലേക്ക് നാം മാറ്റപ്പെട്ടിരിക്കുന്നു. ഇവിടെ, സ്വർഗീയ ഭരണത്തിനും നിയന്ത്രണത്തിനും കീഴിൽ, നമുക്ക് യഥാർഥ സ്വാതന്ത്ര്യം, സ്നേഹത്തിലും ജീവനോടുകൂടെയും വെളിച്ചത്തിൻ കീഴിലുമുള്ള ശരിയായ സ്വാതന്ത്ര്യമുണ്ട്. ഇതാണ് ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിക്കപ്പെടുകയും പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുകയും

ചെയ്യുക എന്നതിന്റെ അർഥം. ഇവിടെ ഈ രാജ്യത്തിൽ നാം ക്രിസ്തുവിനെ ആസ്വദിക്കുകയും സഭാജീവിതം ഉണ്ടായിരിക്കുകയും ചെയ്യുന്നു.

### *ഇന്നത്തെ യുഗത്തിലെ സഭയും വരാനിരിക്കുന്ന യുഗത്തിലെ സഹസ്രാബ്ദവും, നിത്യതയിലെ പുതിയ ആകാശവും പുതിയ ഭൂമിയും ഉള്ളടങ്ങുന്നു*

ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ മൂന്ന് യുഗങ്ങൾ ഉള്ളടങ്ങുന്നു: സഭ ഉള്ള ഇന്നത്തെ യുഗം; സഹസ്രാബ്ദ രാജ്യമുള്ള വരുന്ന യുഗം; പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും പുതിയ യെരൂശലേമോടുകൂടിയ നിത്യയുഗവും. രാജ്യത്തിന്റെ ഈ മൂന്ന് വശങ്ങളെ ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമായി കൊലൊസ്സ്യർ 1:13-ൽ പൗലൊസ് കണക്കാക്കുന്നു.

*ദൈവപുത്രൻ* എന്ന വാക്കുകൾ പിതാവിന്റെ കാതുകൾക്ക് ആനന്ദമാണ്. കർത്താവായ യേശു സ്നാനമേറ്റപ്പോൾ പിതാവ് പ്രഖ്യാപിച്ചു, "ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു" (മത്താ. 3:17). കർത്താവ് കായാന്തരപ്പെട്ടപ്പോൾ പിതാവും ഇതേ പ്രഖ്യാപനം നടത്തി (മത്താ. 17:5). പിതാവ് തന്റെ പുത്രനിൽ പ്രസാദിക്കുന്നതിനാൽ, പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യം സന്തോഷകരമായ കാര്യമാണ്, ആനന്ദത്തിന്റെ വിഷയമാണ്. സഭാജീവിതത്തിന്റെ ഭാഗം, സഹസ്രാബ്ദത്തിലെ സ്വർഗരാജ്യത്തിന്റെ സ്വർഗീയ ഭാഗത്തിന്റെ ഭാഗം, സഭയുടെയും രാജ്യത്തിന്റെയും പരിണതിയെന്ന നിലയിൽ പുതിയ യെരൂശലേമോടുകൂടിയ പുതിയ ആകാശവും പുതിയ ഭൂമിയും എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ മാത്രം ഉൾപ്പെടുന്നതിന്റെ കാരണം ഇതാണ്. ഈ മൂന്ന് ഭാഗങ്ങളിലും ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം ആനന്ദത്തിന്റെ വിഷയമാണ്. പിതാവ്, തന്റെ കാരുണയാലും കൃപയാലും, സാത്താന്റെ ഇരുട്ടിൽ നിന്ന് രാജ്യത്തിന്റെ ഈ മനോഹരമായ ഭാഗത്തേക്ക് നമ്മെ മാറ്റിയിരിക്കുന്നു.

### *കൊലൊസ്സ്യർ 1:13 ലെ ഊന്നൽ ഈ യുഗത്തിലുള്ള ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിനാണ്, അത് സഭയുടെ യാഥാർഥ്യമാണ്*

കൊലൊസ്സ്യർ 1:13-ലെ ഊന്നൽ ഈ യുഗത്തിലെ ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിനാണ്, അത് സഭയുടെ യാഥാർഥ്യമാണ്. ദൈവപുത്രനെപ്പോലെ പിതാവായ ദൈവത്തിന് ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമായ ഇന്നത്തെ സഭാജീവിതം പ്രസാദകരമാണ്. വിശ്വാസികളായ നാം എല്ലാവരും ദൈവത്തിന്റെ സ്നേഹപുത്രന്റെ ഈ പ്രസാദകരമായ രാജ്യത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു. പിതാവായ ദൈവം തന്റെ പ്രസാദകരമായ പുത്രനെ തന്റെ സ്വന്തം എന്നവണ്ണം സ്നേഹിക്കുന്നതുപോലെ, രാജ്യത്തിന്റെ പ്രസാദകരമായ ഭാഗത്തെ സ്നേഹിക്കുന്നു. അതുകൊണ്ട്, ദിവ്യരാജ്യത്തിന്റെ പ്രസാദകരമായ ഭാഗമെന്ന നിലയിൽ, ദൈവജനത്തിന്റെ സർവവും ഉൾക്കൊള്ളുന്ന ഓഹരിയെന്ന നിലയിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുസ്തകമായ കൊലൊസ്സ്യരുടെ പുസ്തകത്തിൽ അപ്പൊസ്തലനായ പൗലൊസ്, ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിനുള്ള വലിയ അനുഗ്രഹമായി സഭയെ കണക്കാക്കുന്നു (കൊലൊ. 1:12).

### *എല്ലാ വിശ്വാസികളും രാജ്യത്തിന്റെ ഈ വശത്തേക്ക് മാറ്റപ്പെട്ടിരിക്കുന്നു*

യോഹ. 3:5 സൂചിപ്പിക്കുന്നത്, വീണ്ടുംജനനത്തിലൂടെയാണ് എല്ലാ വിശ്വാസികളും ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നത്. വീണ്ടുംജനനത്തിലൂടെ നാം സാത്താന്റെ ഇരുട്ടിൽ നിന്ന് രാജ്യത്തിന്റെ ഈ പ്രസാദകരമായ വശത്തേക്ക് കൊണ്ടുവരപ്പെട്ടു. ദൈവം പുത്രനെ സ്നേഹിച്ചു, അതിനാൽ അവൻ രാജ്യത്തിന്റെ ഈ ഭാഗം അവനു നൽകി. ദൈവത്തിന്റെ

രക്ഷയും വീണ്ടുംജനനവും വഴി, അവന്റെ പുത്രന്റെ എല്ലാ വിശ്വാസികളും രാജ്യത്തിന്റെ ഈ ഭാഗത്തിലേക്ക് മാറ്റപ്പെട്ടു. (*The Conclusion of the New Testament, pp.* 2581-2584)